# അക്ഷരം




ഗവ: എൽ.പി സ്കൂൾ, കപ്പക്കൽ 2022-23

# ഗവ: എൽ.പി സ്കൂൾ, കപ്പക്കൽ

## കല്ലായി പി.ഒ

---

**ടീം കപ്പക്കൽ**

- ബിന്ദു പി (*ഹെഡ്മിസ്ട്രസ്* )
- സുധീഷ് വി (*എസ് .ആർ. ജി, കൺവീനർ*)
- വിനില കെ.സി
- അഞ്ജന സി വിജയൻ
- ലക്ഷ്മിദേവി പി.വി
- രേഷ്മ ആർ.വി
- നീതു എം
- നാഫിയ കെ.ടി
- അഷറഫ് എൻ.പി (*പി.ടി.എ പ്രസിഡന്റ്* )

**ലേ ഔട്ട് & ഡിസൈനിങ്**

- ഗിരി വി നായർ (*ജി.എം.എൽ.പി സ്കൂൾ, കരിയന്നൂർ*)
- ഷൈജു ടി.പി , മേപ്പയ്യൂർ

# ആമുഖം

വിദ്യാഭ്യാസത്തെ വളരെ ഗൗരവമായി കാണുന്ന സമൂഹമാണെങ്കിലും നമ്മുടെ പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ ചില പോരായ്മകൾ നിലനിൽക്കുന്നു എന്നത് നാം തിരിച്ചറിയേണ്ടതാണ്. ഭാഷ, ലേഖനം, ഗണിതം എന്നിവയിൽ മുന്നേറാൻ കഴിയാത്ത ഒരു വിഭാഗം കുട്ടികൾ നമ്മുടെ ക്ലാസ് മുറികളിൽ ഉണ്ട് എന്ന് കണ്ടെത്തലിൽ നിന്നാണ് ഇവർക്കായി ഒരു കൈപ്പുസ്തകം തയ്യാറാക്കുക എന്ന ആശയം രൂപപ്പെട്ടത്. ഈ മേഖലയിൽ നേരിട്ട് ഇടപെടുന്ന ഒരു കൂട്ടം ആളുകളുടെ കൂട്ടായ ശ്രമഫലമായിട്ടാണ് 'അക്ഷരം' എന്ന ഈ കൈപ്പുസ്തകം യാഥാർത്ഥ്യമായത്. രക്ഷിതാക്കൾക്ക് കൂടി കൈകാര്യം ചെയ്യാൻ പറ്റും വിധം വളരെ ലളിതമായിട്ടാണ് ഇതിലെ പ്രവർത്തനങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. അക്ഷരജ്ഞാനം എന്നത് അറിവിന്റെ ലോകത്തേക്കുള്ള കവാടമാണ്. നിറഞ്ഞ മനസ്സോടെ കുട്ടികൾക്കായി സമർപ്പിക്കുന്നു.

**സുധീഷ് വി**
(എസ്.ആർ.ജി, കൺവീനർ)
ജി.എൽ.പി.സ്കൂൾ,
കപ്പക്കൽ

# ഗവ: എൽ.പി സ്കൂൾ,
# കപ്പക്കൽ



## സ്വരപരിചയം
## അക്ഷരപരിചയം
## പദപരിചയം

# മലയാളം അക്ഷരമാല

അ ആ ഇ ഈ ഉ ഊ ഋ
എ ഏ ഐ ഒ ഓ ഔ അം

ക ഖ ഗ ഘ ങ
ച ഛ ജ ഝ ഞ
ട ഠ ഡ ഢ ണ
ത ഥ ദ ധ ന
പ ഫ ബ ഭ മ

യ ര ല വ ശ ഷ
സ ഹ ള ഴ റ

## മലയാളം ചില്ലക്ഷരങ്ങൾ

ൺ ൻ ർ ൽ ൾ

# കൂട്ടക്ഷരങ്ങൾ

ക്ക ച്ച ട്ട ത്ത പ്പ

ങ്ങ ഞ്ഞ ണ്ണ ന്ന മ്മ

ങ്ക ഞ്ച ണ്ട ന്ത മ്പ

യ്യ ല്ല വ്വ ശ്ശ ള്ള

ക്ഷ

# അ

| ക | ച | ട | ത | പ |
|---|---|---|---|---|

## അട

കട പട

പത പക

പറവ

# ആ

| കാ | ചാ | ടാ | താ | പാ |

ആന

പാട

കാട

പാത

പാൽ

താര

# ഇ

| കി | ചി | ടി | തി | പി |
|---|---|---|---|---|

## ഇല

പിട

തിര

പിടി

കിട്ടി

ചിരി

# ഈ

| | | | | |
|---|---|---|---|---|
| കീ | ചീ | ടീ | തീ | പീ |

## ഈച്ച

ചീര ചീത്ത

നീല കീരി

പീലി

# ഉ

| കു | ചു | ടു | തു | പു |
|---|---|---|---|---|

## ഉറ

കുട

പുര

ചുട്ടി

തുണ

മുത്ത്

# ഊ

കൂ ചൂ ടൂ തൂ പൂ

## ഊണ്

കൂട്
തൂവൽ
ചൂട്
പൂച്ച
കൂടുതൽ

# ഋ

| | | | | |
|---|---|---|---|---|
| ക്യ | ച്യ | ട്യ | ത്യ | പ്യ |

## ഋഷി

കൃഷി
വൃക്ക
തൃപ്തി
കൃമി
തൃണം

# എ

| കെ | ചെ | ടെ | തെ | പെ |
|---|---|---|---|---|

## എലി

ചെടി
പെൻസിൽ
കെട്ട്
തെച്ചി
വെള്ളി

# ഏ

| | | | | |
|---|---|---|---|---|
| കേ | ചേ | ടേ | തേ | പേ |

## ഏണി

കേരം
തേൻ
ചേല
പേന
ചേന

# ഐ

| | | | | |
|---|---|---|---|---|
| കൈ | ചൈ | ടൈ | തൈ | പൈ |

## ഐക്യം

കൈത

ചൈന

തൈർ

തൈലം

പൈതൽ

# ഒ

| കൊ | ചൊ | ടൊ | തൊ | പൊ |
|---|---|---|---|---|

## ഒട്ടകം

കൊടി
തൊഴുത്ത്
ചൊവ്വ
തൊപ്പി

പൊതുമുതൽ

# ഓ

| | | | | |
|---|---|---|---|---|
| കോ | ചോ | ടോ | തോ | പോ |

ഓല

കോണി തോപ്പ്
ചോണൻ പോലെ
ചോര

# ഔ

| | | | | |
|---|---|---|---|---|
| കൗ | ചൗ | ടൗ | തൗ | പൗ |

**ഔഷധം**

കൗരവർ കൗതുകം

പൗരൻ കൗശലം

പൗർണ്ണമി

# അം

കം ചം ടം തം പം

അംബുജം

കംസൻ കോപം

മേഘം നാദം

കച്ചവടം

# ആ ാ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ക | ച | ട | ത | പ | മ | ര | റ | വ | സ |
| കാ | ചാ | ടാ | താ | പാ | മാ | രാ | റാ | വാ | സാ |

കാട പാത പാട

പാറ വാര കാള

മാല താര കാക്ക

പാവ വാഴ താമര

ചായ വായ മാൻ



# ആ ാ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ക | ച | ട | ത | പ | മ | ര | റ | വ | സ |
| കാ | ചാ | ടാ | താ | പാ | മാ | രാ | റാ | വാ | സാ |

| | | |
|---|---|---|
| കാട | പാത | പാട |
| പാറ | വാര | കാള |
| മാല | താര | കാക്ക |
| പാവ | വാഴ | താമര |
| ചായ | വായ | മാൻ |



# ഇ ി

| ക | ച | ട | ത | പ | മ | ര | റ | വ | സ |
|---|---|---|---|---|---|---|---|---|---|
| കി | ചി | ടി | തി | പി | മി | രി | റി | വി | സി |

കിളി കിണ്ടി ഇടി

കിട്ടി ചിതൽ മണി

കിണർ ജില്ല തിര

മഷി സിനിമ അരി

പനി പണി നരി

കടല ചിതറി.

കമല വാരി.

പനി മാറി.

ലീന പാടി.

താര മാല വാങ്ങി.

താമര വാടി.

രാമൻ വാതിൽ ചാരി.

# ഈ ീ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ക | ച | ട | ത | പ | മ | ര | റ | വ | സ |
| കീ | ചീ | ടീ | തീ | പീ | മീ | രീ | റീ | വീ | സീ |

കീരി വീണ തീവണ്ടി

കീറി ചീര രീതി

കീശ മീൻ വീരൻ

കീർത്തി നീരാവി നീരാളി

വീണ തീവണ്ടിയിൽ കയറി.

കീർത്തി ചീര വാങ്ങി.

മീൻ വാങ്ങി.

കീശ കാലിയായി.

മയിൽ പീലി വിടർത്തി.

# ഉ ു

| ക | ച | ട | ത | പ | മ | ര | റ | വ | സ |
|---|---|---|---|---|---|---|---|---|---|
| കു | ചു | ടു | തു | പു | മു | രു | റു | വു | സു |

| | | |
|---|---|---|
| കുട | കുരുവി | പുക |
| കുല | കുറുക്കൻ | പുര |
| കുതിര | കുയിൽ | പുടവ |
| കുരു | കുന്നിക്കുരു | പുലി |

പരുന്ത് വട്ടമിട്ടു പറന്നു.

കുല പഴുത്തു.

അണ്ണാൻ തിന്നു.

പശു പാൽ തരുന്നു.

സുഷമ പാൽ കുടിച്ചു.

അമ്മ കമ്മൽ തന്നു.

അമ്മു കമ്മൽ കാതിൽ ഇട്ടു.

മുറ്റത്ത് മുല്ല വിരിഞ്ഞു.

# ഊ ൂ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ക | ച | ട | ത | പ | മ | ര | റ | വ | സ |
| കൂ | ചൂ | ടൂ | തൂ | പൂ | മൂ | രൂ | റൂ | വൂ | സൂ |

കൂറ തൂമ്പ ചൂടി

രൂപ കൂലി പൂച്ച

മൂല കൂടി പൂമ്പാറ്റ

കൂജ മൂളി പൂത്തുമ്പി

കൂര സൂചി ചൂരൽ

ചൂടു കൂടി.

രമ പൂ ചൂടി.

പൂച്ച പാൽ കുടിച്ചു.

പൂക്കളിൽ പൂമ്പാറ്റ.

കുട്ടൻ കൂലി വാങ്ങി.

കൂമൻ മൂളി.

# ഋ ൃ

| ക | ത | പ | മ | വ | സ | ഹ |
|---|---|---|---|---|---|---|
| കൃ | തൃ | പൃ | മൃ | വൃ | സൃ | ഹൃ |

കൃതി തൃണം വൃക്ഷം

കൃമി കൃപ മൃഗം

കൃഷി കൃഷ്ണൻ ഹൃദയം

മഴക്കാലം തുടങ്ങി.

കൃഷിക്കാരൻ കൃഷി തുടങ്ങി.

ആന അലറി.

മൃഗങ്ങൾ ഓടി.

ചൂടു കൂടി.

രമ വൃക്ഷത്തണലിൽ ഇരുന്നു.

# എ െ

| ക | ച | ട | ത | പ | മ | ര | റ | വ | സ |
|---|---|---|---|---|---|---|---|---|---|
| കെ | ചെ | ടെ | തെ | പെ | മെ | രെ | റെ | വെ | സെ |

കെണി ചെടി വെളിച്ചം

കെട്ടി തെച്ചി ചെവി

വെടി ചെളി വെട്ടം

വെള്ളി വെയിൽ വെള്ളം

കുട്ടൻ കെണി വെച്ചു.

എലി കെണിയിൽ ചാടി.

പലതുള്ളി പെരുവെള്ളം.

വെയിൽ മങ്ങി.

രാജു ചെടി നനച്ചു.

ചെടിയിൽ നിറയെ പൂക്കൾ.

# ഏ േ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ക | ച | ട | ത | പ | മ | ര | റ | വ | സ |
| കേ | ചേ | ടേ | തേ | പേ | മേ | രേ | റേ | വേ | സേ |

| | | |
|---|---|---|
| മേശ | കേമൻ | വേല |
| പേന | കേസരി | വേദി |
| ചേന | കേളി | കേരളം |
| തേൻ | തേക്ക് | ചേര |

മേരി പേന തേടി.

പുലി ഇര തേടി.

കേശവൻ മേശ വാങ്ങി.

അമ്മ ചേന കൃഷി ചെയ്തു.

പൂമ്പാറ്റ തേൻ കുടിച്ചു.

മേശയുണ്ടാക്കാൻ തേക്ക് വേണം.

# ഐ ൈ

| ക | ച | ട | ത | പ | മ | സ | ര |
|---|---|---|---|---|---|---|---|
| കൈ | ചൈ | ടൈ | തൈ | പൈ | മൈ | സൈ | രൈ |

മൈതാനം

തൈര്

പൈസ

തൈലം

സൈക്കിൾ

മൈന

ചൈന

കൈതച്ചക്ക

കൈത്തറി

കൈരളി

അപ്പു സൈക്കിൾ ഓടിച്ചു.

കുട്ടികൾ മൈതാനത്ത് പട്ടം പറത്തി.

അമ്മ പൈസ തന്നു.

ഞാൻ തൈര് വാങ്ങി.

കൈതച്ചക്ക പഴുത്തു.

കേശവൻ തിന്നു.

# ഒ ൊ

| ക | ച | ട | ത | പ | മ | ര | വ | സ |
|---|---|---|---|---|---|---|---|---|
| കൊ | ചൊ | ടൊ | തൊ | പൊ | മൊ | രൊ | വൊ | സൊ |

| | | |
|---|---|---|
| കൊടി | പൊതി | തൊടി |
| കൊതി | പൊരി | പൊട്ടി |
| കൊട്ടി | പൊടി | തൊട്ടി |
| കൊത്തി | പൊലി | ചൊടി |

കൊടി ഉയർത്തി
പൂരം തുടങ്ങി
ചെണ്ട കൊട്ടി
ആനകൾ നിരന്നു
ആളുകൾ തിങ്ങി
പൂരം പൊടി പാറി
വെടി പൊട്ടി
ആന ഇടഞ്ഞു
ആളുകൾ ഓടി



# ഓ ോ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ക | ച | ട | ത | പ | മ | ര | വ | സ | ല |
| കോ | ചോ | ടോ | തോ | പോ | മോ | രോ | വോ | സോ | ലോ |

| | | |
|---|---|---|
| കോടാലി | ചോതി | മോര് |
| കോഴി | ചോറ് | കോണി |
| കോടി | ചോല | കോമളം |
| കോടതി | കോലം | മോഹം |



കോമളം കോടി ഉടുത്തു

കുറുക്കൻ കോഴിയെ പിടിച്ചു

കോടാലി കൊണ്ട് മരം വെട്ടി

അമ്മു മോര് കൂട്ടി ചോറ് തിന്നു

അപ്പുവിന് തോണി തുഴയാൻ മോഹം








# ഔ ൗ

| ക | ച | ട | ത | പ | മ | ര | വ | സ | ല |
|---|---|---|---|---|---|---|---|---|---|
| കൗ | ചൗ | ടൗ | തൗ | പൗ | മൗ | രൗ | വൗ | സൗ | ലൗ |

| | | |
|---|---|---|
| **മൗനം** | **കൗശലം** | **സൗജന്യം** |
| **പൗരൻ** | **കൗമാരം** | |
| **കൗതുകം** | **സൗരയൂഥം** | |





**കൗശലക്കാരനായ കുറുക്കൻ.**

**സൗജന്യ അരി വിതരണം ആരംഭിച്ചു.**

**കളിപ്പാട്ടത്തിലേക്ക് അമ്മു കൗതുകത്തോടെ നോക്കി**

# അം അ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ക | ച | ട | ത | പ | മ | ര | വ | ന | ല |
| കം | ചം | ടം | തം | പം | മം | രം | വം | സം | ലം |

| | | |
|---|---|---|
| വനം | തരം | കംസൻ |
| വരം | അകം | അരം |
| മരം | പുറം | വടം |
| കലം | വരണം | പാലം |

വടം തരണം

പണം തരാം

കുരങ്ങൻ മരം കയറി

പൂക്കൾ വിരിഞ്ഞു, പൂമണം പരന്നു.

പൂരം തുടങ്ങി

അമ്മ മുറം വാങ്ങി

# ര ്ര

| | |
|---|---|
| ക് + ര | ക്ര |
| പ് + ര | പ്ര |
| ത് + ര | ത്ര |

| | | |
|---|---|---|
| ക്രമം | ചിത്രം | വ്രതം |
| ചക്രം | പത്രം | കൊപ്ര |
| ക്രിയ | ത്രാസ് | പ്രസംഗം |
| ആശ്രയം | രാത്രി | സ്രാവ് |
| പ്രകൃതി | കത്രിക | പ്രകാശം |
| പ്രിയ | നക്ഷത്രം | വെപ്രാളം |
| മാത്രം | വസ്ത്രം | പ്രധാനം |

രാത്രി ആകാശത്ത് നക്ഷത്രങ്ങൾ കാണാം.

അമ്മ വസ്ത്രം അലക്കി

ഞാൻ പാത്രം കഴുകി

പ്രിയ ചിത്രം വരച്ചു.

# ്യ

യ ്യ

| | |
|---|---|
| വ് + യ | വ്യ |
| മ് + യ | മ്യ |
| ക് + യ | ക്യ |

| | | |
|---|---|---|
| വാക്യം | വന്യം | വ്യായാമം |
| ചാക്യാർ | വീര്യം | മാന്യൻ |
| ഇന്ത്യ | വ്യാഴം | രാജ്യം |

ദിവസവും വ്യായാമം ചെയ്യണം.

എല്ലാവരോടും മാന്യമായി പെരുമാറണം.

വന്യ മൃഗങ്ങളെ പ്രകോപിപ്പിക്കരുത്.

ഇന്ത്യ എന്റെ രാജ്യമാണ്.

്വ വ ്വ

| | |
|---|---|
| ത് + വ | ത്വ |
| ക് + വ | ക്വ |
| സ് + വ | സ്വ |

പക്വം സ്വർഗം സ്വപ്നം

ക്വാറി സ്വർണം സ്വന്തം

സാന്ത്വനം ആശ്വാസം വിശ്വാസം

സ്വർണം വില കൂടിയ ലോഹമാണ്.

സാവിത്രിക്കുട്ടി സ്വപ്നം കണ്ടു.

എന്റെ സ്വന്തം കുട്ടിപ്പുര.

| ് | വ | ത | ട | ല |
| --- | --- | --- | --- | --- |
| | വ് | ത് | ട് | ല് |

വീട് കാട് കേക്ക്

നാട് മാവ് കറുപ്പ്

നാല് പൂവ് വെളുപ്പ്

വാക്ക് തോക്ക് വാല്

മാവ് പൂത്തു.

കേക്ക് മുറിച്ചു

നാല് പൂവ്

ഭംഗിയുള്ള വീട്

വാക്ക് പാലിച്ചു.

| അ | ആ | ഇ | ഈ | ഉ | ഊ | ഋ | എ | ഏ | ഐ | ഒ | ഓ | ഔ | അം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ക | കാ | കി | കീ | കു | കൂ | കൃ | കെ | കേ | കൈ | കൊ | കോ | കൗ | കം |
| ച | | | | | | | | | | | | | |
| ട | | | | | | | | | | | | | |
| ത | | | | | | | | | | | | | |
| പ | | | | | | | | | | | | | |
| യ | | | | | | | | | | | | | |
| ര | | | | | | | | | | | | | |
| ല | | | | | | | | | | | | | |
| വ | | | | | | | | | | | | | |
| ഷ | | | | | | | | | | | | | |
| ശ | | | | | | | | | | | | | |
| സ | | | | | | | | | | | | | |

## വരിക്കച്ചക്ക

വരിക്കപ്ലാവിന്റെ ചോട്ടിലിരുന്ന്,
വട ചുടുന്നൊരു വള്ളിപ്പെണ്ണേ,
വരിക്കച്ചക്ക തലയിൽ വീണാൽ,
വടയെന്താകും വള്ളിപ്പെണ്ണേ?
വടയെന്താകും വള്ളിപ്പെണ്ണേ?
വായാടി കുന്നിലെ വീട്ടിലിരുന്ന്,
വീമ്പു പറയുന്ന വാസുവേട്ടാ,
വരിക്കച്ചക്ക തലയിൽ വീണാൽ
വടയെന്തിനാ വാസുവേട്ടാ പിന്നെ,
വടയെന്തിനാ വാസുവേട്ടാ?


ഉത്തരം കണ്ടെത്താം എഴുതാം.

1. വള്ളിപ്പെണ്ണ് എവിടെയാണ് ഇരിക്കുന്നത്?
   ..................................................................
2. വള്ളിപ്പെണ്ണ് എന്താണ് ചുടുന്നത് ?
   ..................................................................
3. തലയിൽ എന്ത് വീഴുമെന്നാണ് വാ-   ു പറയുന്നത്?
   ..................................................................
4. വാ-   ുവിന്റെ വീട് എവിടെയാണ്?
   ..................................................................
5. വാ-   ുവേട്ടൻ എവിടെയാണ് ഇരിക്കുന്നത്?
   ..................................................................

" വ " എന്ന അക്ഷരം വരുന്ന വാക്കുകൾ വായിക്കാം , എഴുതാം.

| | | | | |
|---|---|---|---|---|
| വട | വടി | വാടി | വിട | വീട് |
| വട്ട | വട്ടി | വാട്ടി | വിട്ട് | വീട്ടി |
| വല | വലി | വാല് | വില | വീല് |
| വര | വരി | വാരി | വിര | വീര |

*" വ " എന്ന അക്ഷരം വച്ച് വാക്കുകൾ കണ്ടെത്തി വായിക്കു. ചിഹ്നം ചേർക്കാൻ മറക്കരുത്.*




## <u>ചേർത്തു വായിക്കാം.</u>

വാ- ു വല വീശി.

വിത്ത് വിതറി.

വടി വെട്ടി.

വര വരച്ചു.

വീണ വായിച്ചു.

വിനു വന്നു.

വിനയൻ വീണു.

## *നിറ വെയിൽ*

*പാറു വന്നു ഞാറു കെട്ടി,*

*നിറ വെയിലിൽ നിൽക്കവെ,*

*പാറ കേറി പുളുവടിക്കണ്,*

*അറു പിശുക്കൻ മാപ്പിള,*

*അറു പിശുക്കൻ മാപ്പിള.*

*നിറ വെയിലിൽ ഞാറു കെട്ടി,*

*നിറം പോയ മങ്കമാർ,*

*മോറിലാകെ ചായം തേച്ച്,*

*കുറി വരച്ച് നിൽക്കണ്,*

*കുറി വരച്ച് നിൽക്കണ്,*

*പിറകിലുള്ള ആറ്റിലിറങ്ങി,*

*പാറു ഞാറു കഴുകവെ,*

*കാറിരമ്പണ മാനം കണ്ട്,*

*ഞാറെടുത്ത് ഓടിയോൾ,*

*ഞാറെടുത്ത് ഓടിയോൾ,*

### ഉത്തരം കണ്ടെത്താം

*1. പാറു എന്താണ് കെട്ടിയത്?*

..............................................

1. *ആരാണ് ഞാറ് കെട്ടിയത്?*

..............................................

2. *എങ്ങനെ ഉള്ള വെയിലിലാണ് ഞാറ് കെട്ടിയത്?*

..............................................

3. *മങ്കമാർ എവിടെയാണ് ചായം തേച്ചത്?*

..............................................

4. *മങ്കമാർ എന്താണ് വരച്ചത്?*

..............................................

## വിട്ടു പോയ അക്ഷരം പൂരിപ്പിക്കുക.

1. ഞാ......... കെട്ടി.
2. പി.......കിലുള്ള
3. ആറ്റിലി.......ങ്ങി
4. കാ.......രമ്പണ
5. മോ.......ലാകെ.

## വിട്ടുപോയ വാകുകൾ പൂരിപ്പിക്കുക.

1. ..................... വരച്ച് നിൽക്കണ്.
2.............. വെയിലിൽ ഞാറു കെട്ടി.
3. ............. ഇരമ്പണ മാനം കണ്ട്.
4. .............. പോയ മങ്കമാർ.
5............ എടുത്ത് ഓടിയോൾ.

## വായിക്കാം എഴുതാം

| | | | |
|---|---|---|---|
| പറ | പാറ | പാറി | പറവ |

| | | | |
|---|---|---|---|
| നിറ | നിറം | നീറ് | നിറവ് |

| | | | |
|---|---|---|---|
| മറ | മാറി | മുറി | മറവി |

| | | | |
|---|---|---|---|
| റവ | വിറ | വീറ് | വറവ് |

## വായിക്കാം

പറവ പറന്നു.

നിറം മാറി.

വിറ വിറച്ചു.

പറ നിറച്ചു.

മാറ് മറച്ചു

## അരി

അരി വറുത്ത് പൊടിയെടുത്ത് ,
അട ചുടുന്നൊരു ചങ്ങാതി,
അത്തി മരത്തിലെ പഴമെടുക്കാൻ ,
എന്നുടെ കൂടെ പോരുന്നോ നീ?

അരി കുത്തി അവലെടുത്ത് ,
അന്നം തേടണ ചങ്ങാതി,
അയൽ നാട്ടിലെ ഉത്സവത്തിന്,
എന്നുടെ കൂടെ പോരുന്നോ നീ?

അരി പൊടിച്ച് പുട്ട് ചുട്ട്
അന്നം തേടണ ചങ്ങാതി,
അമ്പലത്തിലെ ശീവേലിക്ക് .
എന്നുടെ കൂടെ പോരുന്നോ നീ ?

അരി അരച്ച് അപ്പം ചുട്ട്
അന്നം തേടണ ചങ്ങാതി,
അടുത്ത വീട്ടിലെ കല്യാണത്തിന്,
എന്നുടെ കൂടെ പോരുന്നോ നീ ?

അരി അരച്ച് ദോശ ചുട്ട് .
അന്നം തേടണ ചങ്ങാതി,
അന്തി മയങ്ങും നേരമായി.
സിനിമ കാണാൻ പോരുന്നോ നീ?

അരി അരച്ച് ഇഡ്ഡലി ചുട്ട്
അന്നം തേടണ ചങ്ങാതി,
അണ്ണാൻ കുഞ്ഞെൻ വീട്ടിലുണ്ട്
അതിനെ കാണാൻ പോരുന്നോ നീ?

അണിയണിയായ് ഒത്തു ചേർന്ന് .
അതിരു കാക്കും ചങ്ങാതി,
അലഞ്ഞു നടക്കാൻ നേരമില്ല,
അരവയർ നിറയ്ക്കേണം എൻ,
അരവയർ നിറയ്ക്കേണം.

**<u>ഉത്തരം കണ്ടെത്തി എഴുതുക</u>**

1. ***ചങ്ങാതി എന്താണ് ചുടുന്നത്?***

   ......................................

2. ***അരികുത്തി അവലെടുത്ത് എന്താണ് തേടുന്നത്?***

   ......................................

3. ***അരി പൊടിച്ച് പുട്ട് ചുടുന്ന ചങ്ങാതിയെ എങ്ങോട്ട് പോകാനാണ് വിളിക്കുന്നത്?***

   ......................................

*4. എന്ത് അരച്ചാണ് അപ്പം ചുടുന്നത്?*

.....................................


*5. വീട്ടിൽ എന്തുണ്ടെന്നാണ് പറയുന്നത്?*

.....................................

***വിട്ട ഭാഗം പൂരിപ്പിക്കുക.***

1. .................................... മയങ്ങും നേരമായി.
2. ........................................കാക്കും ചങ്ങാതി.
3. ..................................... നടക്കാൻ നേരമില്ല,
4. ............................ വീട്ടിലെ കല്യാണത്തിന്.
5. ......................മരത്തിലെ  പഴമെടുക്കാൻ.

***വാക്കുകൾ കണ്ടെത്തി വായിക്കു. ചിഹ്നം ചേർക്കാൻ മറക്കരുത്.***



# കാരക്കാപ്പഴം

പൊരുത്തക്കേടിൽ ഇരുത്തം വന്ന ,
കുരുത്തം കെട്ടൊരു വീരാനേ,
കാരക്കാപ്പഴം പൊരിച്ചു തിന്നെന്ന്
ആരോ പറഞ്ഞത് നേരാണോ ?
ആരോ പറഞ്ഞത് നേരാണോ ?
വരത്തനായ ഏതോ ഒരുത്തനാണാ ,
കുരുത്തക്കേട് പറഞ്ഞത് ,
കാരക്കാപ്പഴം പൊരിച്ചു തിന്നാൻ
വീരാനെന്താ പിരാന്താണോ ?
വീരാനെന്താ പിരാന്താണോ ?

***ഉത്തരം കണ്ടെത്താം***

1. *എന്തിലാണ് വീരാൻ ഇരുത്തം വന്നത്?*

   ..........................................

2. *ആരാണ് കുരുത്തം കെട്ടത്?*

..........................................

3. *വീരാൻ എന്ത് പൊരിച്ചു തിന്നു എന്നാണ് പറയുന്നത്?*

..........................................

4. *വരത്തനായ ഒരുത്തൻ എന്താണ് പറഞ്ഞത്?*

..........................................

5. *കർക്കാപ്പഴം പൊരിച്ചു തിന്നു എന്ന് അരാ പറഞ്ഞത്?*

   ..........................................

***വിട്ടു പോയ വാക്കുകൾ പൂരിപ്പിക്കുക.***

1. *കാരക്കാപ്പഴം ........................................................ തിന്നാൻ.*
2. *കുരുത്തം ............................................................ വീരാൻ*
3. *പൊരുത്തക്കേടിൽ .................................................. വന്ന.*
4. *ആരോ പറഞ്ഞത്...............................................................*

വായിക്കുക. അക്ഷരങ്ങൾ ക്രമപ്പെടുത്തണേ.

| | | | | | |
|---|---|---|---|---|---|
| ഉരംത്ത | വിരംചാ | ആരംചാ | കരംമ | രംശകാ | വിരംകാ |
| രിചകി | പൂരിത്തി | ത്തിരിപ | രിമുന്തി | ച്ചരിപ | രിപ ച |

ഉചിതമായ സ്ഥലത്ത് " ര " എന്ന അക്ഷരം ചേർക്കുക.അവശ്യമുള്ളിടത്ത് ചിഹ്നങ്ങളും ചേർക്കണേ

| | | | | | |
|---|---|---|---|---|---|
| വണം | പൊച്ചു | ചുക | നച്ച | കാണം | കച്ചിൽ |
| കഞ്ഞു | ചിച്ചു | വിഞ്ഞു | മച്ചു | | |

വായിച്ചു രസിക്കാം

| | | |
|---|---|---|
| അരിയരി പുത്തരി` | ചിരിച്ചു മരിച്ചു | വരിവരിയായ് നിരന്നു |
| ചകിരി പിരിച്ചു | കരച്ചീലോട് കരച്ചിൽ | ചൂര പൊരിച്ചു. |


വായിക്കുക. അക്ഷരങ്ങൾ ക്രമപ്പെടുത്തണേ.

| | | | | | |
|---|---|---|---|---|---|
| ഉരംത്ത | വിരംചാ | ആരംചാ | കരംമ | രംശകാ | വിരംകാ |
| രിചകി | പൂരിത്തി | ത്തിരിപ | രിമുന്തി | ച്ചരിപ | രിപ ച |

ഉചിതമായ സ്ഥലത്ത് " ര " എന്ന അക്ഷരം ചേർക്കുക.അവശ്യമുള്ളിടത്ത് ചിഹ്നങ്ങളും ചേർക്കണേ

| | | | | | |
|---|---|---|---|---|---|
| വണം | പൊച്ചു | ചുക | നച്ച | കാണം | കച്ചിൽ |
| കഞ്ഞു | ചിച്ചു | വിഞ്ഞു | മച്ചു | | |

## പഠനം കഠിനം

കോവിഡ് കാരണം സ്കൂൾ അടച്ചു.വീടിനകത്ത് അടച്ചിട്ടിരിപ്പാണ് ടിനു.ആരും കളിക്കാൻ കൂട്ടിനില്ല. ജ്യേഷ്ഠൻ ടിജൊ ഇല്ലാത്തത് അവനെ വല്ലാതെ വിഷമിപ്പിക്കുന്നു.കൂടുതൽ പണിയൊന്നും ഇല്ലെങ്കിൽ ടിജൊ അവന്റെ കൂടെ കളിക്കാൻ കൂടും. ടിനുവിന് പാഠങ്ങൾ പറഞ്ഞുകൊടുക്കയും ചെയ്യും. മാത്രവുമല്ല അവൻ ജോലി കഴിഞ്ഞ് വരുമ്പോൾ മിഠായി കൊണ്ടുവരും. സ്ഥലംമാറ്റം കിട്ടിയതിനാൽ അവൻ കൊഴിക്കോട് മിഠായിത്തെരുവിലേക്ക് സ്ഥലംമാറിപ്പോയി.അടുത്ത വീട്ടിൽ കൂട്ടുകാരുണ്ട് കൂടെക്കളിക്കാൻ. കൂട്ടുകാരെ കാണാത്തതിലാണ് അവന് വിഷമം.ഇടയ്ക്കവൻ ശാഠ്യം പിടിക്കും കളിക്കാൻ പോകാൻ.എന്നാൽ കൂട്ടിലിട്ട പക്ഷിയെ പോലെ ചടഞ്ഞിരിക്കാൻ മാത്രമേ പറ്റൂ.കോവിഡ് കാരണം അവരും മുറിക്കുള്ളിൽ തന്നെ. എന്ത് ചെയ്യാം സഹിക്കുകതന്നെ.

അവന് ഒരു കൊച്ചു പേടകം ഉണ്ട്.ഇടയ്ക്കിടയ്ക്ക് അവനത് തുറന്ന് നോക്കും.അതിലാണവൻ അവന്റെ വിലപിടിപ്പുള്ള സാധനങ്ങൾ സൂക്ഷിച്ച് വച്ചിരിക്കുന്നത്. സഹപാഠിയായ ടിന്റുവാണ് അവ ന്റെ ഏറ്റവും അടുത്ത ചങ്ങാതി. ടിന്റു സമ്മാനമായി കൊടുത്ത ഒരു കൊച്ചു പീഠമുണ്ട്.ആ പീഠം അവ ൻ കൂടെക്കൂടെ പുറത്തെടുത്ത് നോക്കും.അതിനോട് വർത്തമാനം പറയും.ചിലപ്പോൾ അവനു തോന്നും താൻ പറയുന്നതിന് അതും മറുപടി പറയുന്നുണ്ടെന്ന് അപ്പോൾ ടിന്റു അവന്റെ അടുത്തു ള്ളത്പോലെ തോന്നും.

### ഉത്തരം കണ്ടെത്താം

1. ടിനു എവിടെയാണ് അടച്ചിട്ടിരിക്കുന്നത്?

   ......................................

2. ടിനുവിന് ടിജോ എന്താണ് പറഞ്ഞുകൊടുത്തിരുന്നത്?

   ......................................

3. ജോലി കഴിഞ്ഞ് വരുമ്പോൾ ടിജോ എന്താണ് കൊണ്ടുവരിക?

   ......................................

4. ടിജോ എങ്ങോട്ടാണ് സ്ഥലംമാറിപ്പോയത്?

   ......................................

5. ഇടയിക്കിടയ്ക്ക് ടിനു എന്താണ് നോക്കിയിരുന്നത്?

   ......................................

### വി ട്ട ഭാഗം പൂരിപ്പിക്കുക

1. ............. ആയ ടിന്റുവാണ് അവന്റെ ഏറ്റവുമടുത്ത ചങ്ങാതി.

2. അവന്റെ ........... സാധനങ്ങൾ സൂക്ഷിച്ചുവച്ചിരിക്കുന്നു

3. ആ............ കൂടെക്കൂടെ എടുത്ത് നോക്കും.

4. കൂട്ടിലടച്ച പക്ഷിയെപ്പോലെ .................. ഇരിക്കാനെ പറ്റൂ.

5. ടിന്റു സമ്മാനമായി കൊടുത്ത കൊച്ചു .................. ഉണ്ട്.

വായിക്കാം

| | | | | |
|---|---|---|---|---|
| പടക്കം | കടന്ന് | പാടിപ്പാടി | പപ്പടം | ശകടം |
| കിരീടം | കുരുടൻ | നാടകം | നടനം | ആട്ടിടയൻ |

| | | | | |
|---|---|---|---|---|
| പാഠം | പഠനം | കഠിനം | ഠാക്കൂർ | പഠിച്ചു |
| മഠയൻ | പീഠം | മിഠായി | മഠം | |

വായിക്കാം

പടി കടന്നു.

കുട ചൂടി.

ചെടി വാടി.

വടി ഒടിച്ചു.

നടി നടിച്ചു.

പാഠം പഠിച്ചു.

പഠനം കഠിനം.

മഠയൻ മിഠായി തിന്നു

# ആലോലം

ആരോമലുണ്ണി ആലോലം പാടി
ആടിനെ കെട്ടാൻ വന്നൊരു നാൾ
ആറ്റിന്റെ വക്കത്തെ ആലിൻ മരച്ചോട്ടിൽ
ആടിനെ കെട്ടാൻ വന്നൊരു നാൾ
ആടിനെ കെട്ടാൻ വന്നൊരു നാൾ.

ആടുകൾ രണ്ടെണ്ണം ആടിയും പാടിയും
ആറ്റിലിറങ്ങി കുളിക്കും നേരം
ആനയേം കൊണ്ട് ആന്റണിച്ചേട്ടനും
ആറ്റിലിറങ്ങി കുളിക്കാൻ നോക്കി
ആറ്റിലിറങ്ങി കുളിക്കാൻ നോക്കി.

ആനേടെ കടവിൽ ആടിനെ കണ്ടപ്പോൾ
ആനക്കുറുമ്പനു ദേഷ്യം വന്നു
ആനക്കുറുമ്പനു ദേഷ്യം വന്നു
ആടിൻ പിറകെ ചെന്നുകൊണ്ടാന
ആകാശം നോക്കിയലറും നേരം
ആകാശം നോക്കിയലറും നേരം.

ആലോലം പാടി ആരോമലുണ്ണി
ആനപ്പുറം കേറിയിരിപ്പതായി
ആനപ്പുറം കേറിയിരിപ്പതായി
ആരോമലുണ്ണീടെ പാട്ടതു കേട്ടപ്പോൾ
ആനുക്കുറുമ്പന്റെ ദേഷ്യം പോയി.
ആനുക്കുറുമ്പന്റെ ദേഷ്യം പോയി

ആനയും ആടും ആറ്റിൽ കിടന്ന്
ആടിയും പാടിയും ഉല്ലസിച്ചു
ആനയും ആടും ആറ്റിൽ കിടന്ന്
ആടിയും പാടിയും ഉല്ലസിച്ചു.

## ത്തരം കണ്ടെത്താം

1. ആരോമലുണ്ണി എങ്ങനെയാണ്  വരുന്നത്?

   ...............................

2. ആരോമലുണ്ണി എന്തിനാണ് വന്നത്?

   ...............................

3. എവിടെയാണ് ആൽമരം ഉള്ളത്?

..............................

4. ആന്റണി ചേട്ടൻ എന്തിനേം കൊണ്ടാണ് വന്നത്?

..............................

5. ആടുകൾ എവിടെയാണ് ഇറങ്ങിയത്?

..............................

ഉചിതമായ വാക്കുകൾ തെരഞ്ഞെടുത്ത് വിട്ട ഭാഗം പൂരിപ്പിക്കുക.

(ആനയേം, ആറ്റിൽ, ആറ്റിന്റെ , ആടിനെ , ആടിയും )

1. .................................... കെട്ടാൻ വന്നൊരു നാൾ
2. .................................. വക്കത്തെ ആലിൻ മരച്ചോട്ടിൽ
3. ആടുകൾ രണ്ടെണ്ണം ...................................... പാടിയും
4. ........................................ ഇറങ്ങി കുളിക്കും നേരം
5. ………………..……… കൊണ്ട് വന്നു.

ചേർത്തു പറയാം, എഴുതാം.

ആ

- ലാപനം
- ശാരി
- ശാൻ
- മാശയം
- ട്ടിയകറ്റി
- ട്ടിടയൻ
- നവാൽ
- ഹാരം
- ടിയാടി
- ൺ മക്കൾ

## താമരക്കുളം

തകര പാടത്ത് ഒരു കുളം ഉണ്ടായിരുന്നു.ആ കുളത്തിൽ ഒരു തവളയും കുഞ്ഞും താമസിച്ചിരുന്നു.തവളക്കുഞ്ഞിന് ഒരു മോഹം.താമര കുളത്തിൽ നീന്തി കളിക്കണം. തങ്കു തത്തയാണ് താമര കുളത്തെക്കുറിച്ച് പറഞ്ഞത്.നിറയെ താമരകൾ വിരിഞ്ഞു നിൽക്കുന്ന മനോഹരമായ കുളം

തള്ള തവളയോട് അവൾ തന്റെ ആഗ്രഹം പറഞ്ഞു.

" താമര കുളം വളരെ ദൂരെ ആണല്ലോ.താമരക്കുളത്തിൽ പോകണമെങ്കിൽ ദിവസങ്ങൾ വേണ്ടി വരും."തള്ളത്തവള പറഞ്ഞു.

"തങ്കു തത്ത എല്ലാ ദിവസവും പോകുന്നുണ്ടല്ലോ, അതോ ?" കുഞ്ഞിത്തവള ചോദിച്ചു.

"തങ്കുത്തത്ത പറന്നല്ലേ പോകുന്നത് ? നമുക്ക് അതിനാവില്ലല്ലോ! "

അത് കേട്ടപ്പോൾ തവളക്കുഞ്ഞിന് സംങ്കടം വന്നു.അതു കണ്ടപ്പോൾ തള്ളത്തവളയ്ക്കും

തള്ളത്തവള തവളക്കുഞ്ഞിനേം കൊണ്ട് താമരക്കുളത്തിലേക്ക് പോയി. കുഞ്ഞി തവളയ്ക്ക് സന്തോഷമായി.

***ഇനി നമുക്ക് കുറച്ച് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തിയലോ?***

1. *തവളക്കുഞ്ഞും അമ്മയും എവിടെയാണ് താമസിച്ചിരുന്നത്?*

........................................................................................................

. *തവളക്കുഞ്ഞിന് എവിടെ പോകാനായിരുന്നു അഗ്രഹം?*

........................................................................................................

3. *ആരാണ് താമരക്കുളത്തെക്കുറിച്ച് പറഞ്ഞത്?*

........................................................................................................

4. *തകരപ്പാടത്ത് ആരൊക്കെയാണ് താമസിച്ചിരുന്നത്?*

........................................................................................................

5. *താമരക്കുളം മനോഹരമാക്കുന്നത് എന്താണ്?*

........................................................................................................

കഥയിൽനിന്നും " ത" എന്ന അക്ഷരം വരുന്ന പദങ്ങൾ കണ്ടെത്തി ചുവടെ കൊടുത്തിരിക്കുന്ന കളത്തിൽ എഴുതുക. വായിക്കുകയുമാകാം.

" ത " എന്ന അക്ഷരം വരുന്ന കൂടുതൽ വാക്കുകൾ പറയാം എഴുതാം



ചിത്രം നിരീക്ഷിക്കൂ

1. ഇത് എന്തിന്റേ ചിത്രമാണ്?

   ...........................................

2. കുളത്തിൽ അരാണ് ഇരിക്കുന്നത്?

   ...........................................

3. *തവള എവിടെയാണ് ഇരിക്കുന്നത്?*

..........................................

4. *കുളത്തിൽ മറ്റെന്തെല്ലാം ഉണ്ട്?*

..........................................

5. *താമരയുടെ നിറം എന്താണ് ?*

..........................................

6. *കുളത്തിനു പുറത്ത് എന്താണ് കാണുന്നത്?*

..........................................

7. *പുല്ലിന്റെ നിറം എന്താണ് ?*

..........................................

*ഇനി നമുക്ക് ചിത്രം വിശദീകരിച്ച് എഴുതിയാലോ?*

.....................................................................................................................
.....................................................................................................................
.....................................................................................................................
.....................................................................................................................
.....................................................................................................................
.....................................................................................................................

വായിക്കാം

| | | |
|---|---|---|
| ഉത്തരം | കുത്തിക്കുത്ത് | നീലത്താമര |
| എത്തിനൊക്കി | തത്തിപ്പൊത്തി | തങ്കുതത്ത |

| | |
|---|---|
| മുത്ത് എടുത്തു | മത്തി ചത്തു |
| പുത്തൻ കലത്തിൽ | അത്തി പൂത്തു |

# ഇല്ലം

*ഇത്തിരി പോന്നൊരു കുഞ്ഞനാന,*
*ഇരുണ്ടു തുടുത്തൊരു കുഞ്ഞനാന.*
*ഇടറി ഇടറി വരുന്നുണ്ടേ,*
*ഇത്തിരി പോന്നൊരു കുഞ്ഞനാന.*

*ഇത്തിരി പോന്നൊരു കുഞ്ഞനാന,*
*ഇരുപുറം മുറം പോലെ ചെവിയുമുണ്ട്,*
*ഇരുണ്ടു തുടുത്തൊരു കുഞ്ഞനാന,*
*ഇല്ലപ്പറമ്പിലെ കൊമ്പനാന.*

*ഇത്തിരി പോന്നൊരു കുഞ്ഞനാന,*
*ഇരുപുറം വെണ്ണക്കൽ കൊമ്പുള്ളവൻ,*
*ഇടറി ഇടറി നടക്കുന്നുണ്ട്,*
*ഇന്ദ്രജൻ ചേട്ടന്റെ കുഞ്ഞനാന.*

*ഇത്തിരി പോന്നൊരു കുറുമ്പനാന,*
*കുമ്പവയറുള്ള  കൊമ്പനാന.*
*ഇല്ലപ്പറമ്പിലെ കറുമ്പനാന.*
*ഇന്ദ്രജൻ ചേട്ടന്റെ കുഞ്ഞനാന.*

## ഉത്തരം കണ്ടെത്തു പറയൂ.

*1. ആന എങ്ങനെയാണ് വരുന്നത്?*

.....................................................

*2.ആരുടെ ആനയാണിത്?*

.........................................

*3.എവിടത്തെ ആനയാണിത്?*

.........................

*4. കുഞ്ഞനാനയ്ക്ക് എത്ര വലുപ്പം ഉണ്ട്?*

*...................................*

*5. ഏതെല്ലാം ഭാഗത്താണ് മുറം പോലെ ചെവിയുള്ളത്?*

*..............................*


*വിട്ട ഭാഗം പൂരിപ്പിക്കുക.*

*1. ............................ തുടുത്തൊരു കുഞ്ഞനാന.*

*2......................... മുറം പോലെ ചെവിയുമുണ്ട്.*

*3. ......................., ......................... വരുന്നുണ്ട്.*

*കുട്ടി വായിക്കാം.*



# ഞാറ്റുവേല

നിര നിര നിരന്ന് നിന്ന് .
വയലു കെട്ടണ നാട്ടാരെ ,
നാടിനന്നം തരുന്ന വയല്,
നീട്ടി കെട്ടി നടക്കടൊ,
നീട്ടി കെട്ടി നടക്കടൊ.

നിര നിര നിര നീരു തേവണ,
നര നരച്ചൊരു നായരേ,
നീരു തേവി വയൽ നിറച്ച് .
നാടു കാക്കടൊ നായരെ,
നാടുകാക്കടൊ നായരെ .

നിര നിര നിരന്ന് നിന്ന് ,
ഞാറ് നടണ നാരിമാർ ,
നാടിന് നല്ല കാലം വരുന്ന,
പാട്ട് പാടി നടട്ടെ ഞാർ ,
പാട്ടു പാടി നടട്ടെ ഞാർ .

***തരം കണ്ടെത്താം***

1. *നാട്ടാര് എങ്ങനെയാണ് വയൽ കെട്ടുന്നത്?*

   ......................................................................

2. *ആരാണ് വയൽ കെട്ടുന്നത്?*

   ......................................................................

3. *വയൽ നാടിന് എന്താണ് തരുന്നത് ?*

   .. ....................................................................

4. *ആർക്കാണ് വയൽ അന്നം തരുന്നത് ?*

   ..........................................................................

5. എങ്ങനെ നടക്കാനാണ് പറയുന്നത് ?

...................................................................

അനുയോജ്യമായ വാക്കുകൾ പാട്ടിൽ നിന്നും കണ്ടെത്തി വിട്ട ഭാഗം പൂരിപ്പിക്കുക.

1. നര നരച്ചൊരു ..................................
2. ............................... തേവണ നായർ.
3. നീരു തേവി വയൽ ..........................
4. ഞാറ് നടണ .....................................
5. പാട്ടു പാടി ............................... ഞാർ

## വായിച്ചു രസിക്കാം.

| | | | |
|---|---|---|---|
| നരി | നാരി | നിര | നായ |
| കനി | പനി | തനി | ശനി |
| നായം | നടനം | നന്ദനം | നയനം |
| വനം | വാനം | കനം | കാനം |
| മനം | മാനം | മനനം | കാനനം |

## വയിക്കാം പറയാം

കാനനത്തിൽ ആന.

വനത്തിൽ വാനരൻ.

പനയിൽ ഒരു പുനം.

## ഈറ്റ

ഈറ്റയും വെട്ടി വരുന്നു ചേട്ടൻ,
ഈന്തപ്പൻ ചേട്ടനെൻ *പൊന്നേട്ടൻ.*
ഈറനുടുത്തു വരുന്നു ചേട്ടൻ,
ഈറ്റയും തലയിൽ വച്ചുകൊണ്ട്.
ഈച്ചയും *പൂച്ചയും* കൂട്ടിനുണ്ട്.
ഈണത്തിൽ *പാട്ടുകൾ പാടുന്നുണ്ട്.*
ഈറനുടുപ്പതണിഞ്ഞു ചേട്ടൻ,
ഈറ്റയും വെട്ടി വരുന്നുണ്ട്.

ഈന്തപ്പൻ ചേട്ടനെൻ *പൊന്നേട്ടൻ.,*
ഈറ്റയും വെട്ടി വരുന്നുണ്ട്.
ഈയത്തിൻ കമ്പൊന്ന് കയ്യിലുണ്ട്
ഈയം *പൂശിയ പാത്രമുണ്ട്.*
ഈന്തപ്പൻ ചേട്ടനെൻ *പൊന്നേട്ടൻ.,*
ഈണത്തിൽ *പാട്ടുകൾ പാടുന്നുണ്ട്.*
ഈന്തപ്പൻ ചേട്ടൻ വരുന്നുണ്ട്,
ഈറ്റയും വെട്ടി വരുന്നുണ്ട്.

ഈന്തപ്പൻ ചേട്ടനെൻ *പൊന്നേട്ടൻ,*
ഈന്തപ്പഴം തരും കുഞ്ഞേട്ടൻ.
ഈയാം *പാറ്റപോലുള്ള* ചേട്ടൻ,
ഈന്തപ്പൻ ചേട്ടനെൻ *പൊന്നേട്ടൻ..*
ഈറ്റയും വെട്ടി വരുന്നുണ്ട്,
ഈണത്തിൽ *പാട്ടുകൾ പാടുന്നുണ്ട്.*
ഈണത്തിൽ *പാട്ടുകൾ പാടുന്നുണ്ട്.*

### ഉത്തരം കണ്ടെത്താം

1. ചേട്ടൻ എന്ത് വെട്ടിയാണ് വരുന്നത്?

   ..................................

2. ആരാണ് ഈറ്റയും വെട്ടി വരുന്നത്?

   ..................................

3. ***ചേട്ടൻ*** എങ്ങനെയുള്ള വസ്ത്രം ആണ് ധരിച്ചിരിക്കുന്നത്?

..................................

4. ആരാണ് കൂട്ടിനുള്ളത്?

..................................

5. എങ്ങനെയാണ് പാട്ടുകൾ പാടുന്നത്?

.................................

" ഈ " എന്ന *അക്ഷരം* വരുന്ന കൂടുതൽ വാക്കുകൾ പരിചയപ്പെടാം.

| | | | | |
|---|---|---|---|---|
| ഈച്ച | ഈര് | ഈരടി | ഈയ്യൽ | ഈയ്യം |
| ഈശ്വരൻ | ഈന്ത് | ഈന്തപ്പന | ഈന്തപ്പഴം | ഈടുറ്റ |

<u>ചേർത്ത് വായിക്കുക. എഴുതുക</u>

| | | |
|---|---|---|
| *ഈ* | *ട്* | .................................. |
| *ഈ* | *ട്ടി* | .................................. |
| *ഈ* | *ദ്* | .................................. |
| *ഈ* | *മ്പി* | .................................. |
| *ഈ* | *മം* | .................................. |
| *ഈ* | *രോലി* | .................................. |
| *ഈ* | *രണ്ട്* | .................................. |
| *ഈ* | *റൽ* | .................................. |
| *ഈ* | *റ്റപ്പുര* | .................................. |
| *ഈ* | *റ്റപ്പുലി* | .................................. |

## പാറുവമ്മ

പാറു അമ്മയ്ക്കൊരു കുഞ്ഞു മോള്,
പാട്ടു പാടുന്നൊരു പൊന്നുമോള്,
പാവം അവളൊരു നർത്തകയും,
പാടി പതിഞ്ഞൊരു ഗായികയും.
പാടവരമ്പത്തെ വീട്ടിലണേ,
പാറുവും മോളും കഴിയുന്നത്.
പരമ്പു കൊണ്ടുള്ളൊരു കൊച്ചു വീടാ,
പുത്തനായുള്ളയാ പൊന്നു വീട്.
പത്തു പറ നെല്ലു കിട്ടുന്നോരാ,
പാടത്തിൻ അരുകിലായ് അമ്പലവും.
പൂത്തുലഞ്ഞാടുന്ന പനമരവും
പനമരം നിറയെ നൊങ്കുകളും.

പാട്ടിൽ " പ " എന്ന അക്ഷരം ഉള്ള വാക്കുകൾ ഏതെല്ലാമാണെന്നു നോക്കൂ. അവ വായിക്കാം.

| | | | | | |
|---|---|---|---|---|---|
| പാറു | പാട്ടു | പൊന്നുമോള് | പാടുന്നൊരു | പാവം | പാടി |
| പതിഞ്ഞൊരു | പാറുവും | പരമ്പു | പാടവരമ്പത്തെ | പുത്തനായുള്ളയാ | |
| പൊന്നു | പത്തു | പറ | പാടത്തിൻ | പൂത്തുലഞ്ഞാടുന്ന | പനമരവും |

**കൂടുതൽ വാക്കുകൾ**

| | | |
|---|---|---|
| പത പാത | പറ പാറ | പല പാല |
| പടി പാടി | പട പാട | പണി പാണി |

വയിക്കാം വളരാം ( " ത്ത " എന്ന അക്ഷരം പരിചയപ്പെടാൻ കൂടുതൽ വാക്കുകൾ)

പത്തായത്തിൽ പുത്തനരി

പത്തും പത്തും ഇരുപത്

അത്തം പത്തിന് പൊന്നോണം

പത്തു പത്തര മണിയാകും



മുകളിൽ കാണുന്ന ജീവി ഏതാണ്?

…………………………………

അതിന്റെ നിറം എന്ത്?

…………………………………

പശുവിൽ നിന്നും നമുക്കെന്താണ് ലഭിക്കുന്നത്?

…………………………………

ഈ പശു വലുതാണോ/ചെറുതാണോ?

…………………………………

ഇനി നമുക്ക് പശുവിനെക്കുറിച്ച് എഴുതിയാലോ?

……………………………………………………………………………………

……………………………………………………………………………………

……………………………………………………………………………………

……………………………………………………………………………………

……………………………………………………………………………………

……………………………………………………………………………………

# അധികപ്രവർത്തനങ്ങൾ

ആ ( ാ ) ചിഹ്നം ചേർത്ത് വായിക്കുക,എഴുതുക

| | | | | | |
|---|---|---|---|---|---|
| വര | | തര | | പര | |
| പവ | | പറ | | പത | |

ഇ ( ി ) ചിഹ്നം ചേർത്ത് വായിക്കുക,എഴുതുക

| | | | | | |
|---|---|---|---|---|---|
| പന | | പത | | വര | |
| തര | | തന | | വനത | |
| വിനത | | വതറി | | പതറ | |

ആ ( ീ ) ചിഹ്നം ചേർത്ത് വായിക്കുക,എഴുതുക.

| | | | | | |
|---|---|---|---|---|---|
| പതി | | തന | | നറ | |
| നര | | വര | | വിര | |

ഈ ( ീ) ചിഹ്നം ചേർത്ത് വായിക്കുക,എഴുതുക.

| | | | | | |
|---|---|---|---|---|---|
| രതി | | പര | | പറ | |
| വിനത | | നന | | പതം | |

വായിക്കാം.

| | | |
|---|---|---|
| വാരി വിതറി. | വിനീത നീറി. | പറവ പാറി. |
| പരവ തിന്നു. | പാവം പതറി | തത്ത പറന്നു. |

# ചിഹ്നങ്ങൾ ഉറപ്പിക്കാം

കട – കാട

വട – വാട

പല – പാല

പട – പാട

വര – വാര

പട്ട – പാട്ട

തട– താടി

വടി – വാടി

വരി– വാരി

തടി – താടി

പടി – പാടി

കള – കാള

മനം – മാനം

വട – വടി

കട – കടി

മട –  മടി

അട – അടി

വര – വരി

കുട – കുടി

വല – വലി

പന– പനി

തിര – തിരി

കര – കരി

പട്ട – പട്ടി

ചട്ട – ചട്ടി

വല – വില

പട – പടി

പട – പിടി

കല– കലി

കറ – കറി

തട– തടി

പട – പിട

തറ – തിറ

തുട – തുടി

പുട – പുടി

മുട്ട– മുട്ടി

കട്ട – കട്ടി

കള – കളി

മഴ – മിഴി

കളി – കിളി

പിട– പിടി

കള – കിള

പള്ള – പള്ളി

കരി – കിരി

പപ്പി – പീപ്പി

തരം – തീരം

നില – നീല

കടം – കീടം

കിറി – കീറി

വരം – വീരം

മനം – മീനം

## <u>ചിഹ്നം ഉറപ്പിക്കാം</u>

കട – കുട

പട – പുട

കളി – കുളി

തള – തുള

പള്ളി – പുള്ളി

കള – കുളി

പള്ള – പുള്ളി

കല – കുല

അര – അരു

കര – കുര

കര – കുരു

കട – കൂട

പട്ട് – പൂട്ട്

മല – മൂല

കട – കൂടി

കര – കൂര

പട്ടി – പൂട്ടി

മടി – മൂടി

പട – പൂട

പച്ച – പൂച്ച

## മലയാളം വായിക്കാം

കരി കരി കരി കരി

കീരി കീരി കീരി കീരി

നില നില നില നില

നീല നീല നീല നീല

മനം മനം മനം മനം

മീനം മീനം മീനം മീനം

തരം തരം തരം തരം

തീരം തീരം തീരം തീരം

പപ്പി പപ്പി പപ്പി പപ്പി

പീപ്പി പീപ്പി പീപ്പി പീപ്പി

വരം വരം വരം വരം

വീരം വീരം വീരം വീരം

## മലയാളം ഉ ചിഹ്നം

കട കട കട കട

കുട കുട കുട കുട

പട പട പട പട

പുട പുട പുട പുട

തള തള തള തള

തുള തുള തുള തുള

മറ മറ മറ മറ

മുറ മുറ മുറ മുറ

കല കല കല കല

കുല കുല കുല കുല

## ഊ ചിഹ്നം

മല മല മല മല

മൂല മൂല മൂല മൂല

കട കട കട കട

കൂട കൂട കൂട കൂട

പച്ച പച്ച പച്ച പച്ച

പൂച്ച പൂച്ച പൂച്ച പൂച്ച

മടി മടി മടി മടി

മൂടി മൂടി മൂടി മൂടി

കറ കറ കറ കറ

കൂറ കുറ കൂറ കുറ





# നിരാശപ്പെടരുത്

"ഇഴഞ്ഞാണ് നീങ്ങുന്നതെങ്കിലും
ഈ സൂചികൾ ലക്ഷ്യസ്ഥാനത്ത്
എത്തുന്നുണ്ട്."

അ റ ന പ മ ത

# അക്ഷരം




സ ന വ ല ത ട ടു

**ഗവ: എൽ.പി സ്കൂൾ, കപ്പക്കൽ**